(ഇ) കുറ്റക്കാരായി കണ്ട സംഘം സെക്രട്ടറിയെയും രണ്ട് ബ്രാഞ്ച് മാനേജർമാരെയും സസ്പെന്റ് ചെയ്ത് ടി മൂന്ന് പേർക്കും അഡ്മിനിസ്ട്രേറ്റർ കുറ്റപത്രം നൽകി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ അവർക്കെതിരെ വി.സി. 6/98-ാം നമ്പരായി പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

സഹകരണകോളേജിന് അനുവദിച്ച ഗ്രാന്റ്

174 (958) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സഹകരണ കോളേജിന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 10 ലക്ഷം രൂപയുടെ ഗ്രാന്റ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) തുക നൽകിയിട്ടില്ലെങ്കിൽ ഉടൻ നൽകുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) കൊയിലാണ്ടി സഹകരണ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് 1997-98 സാമ്പത്തിക വർഷത്തിൽ ഓഹരി ഇനത്തിൽ 4 ലക്ഷം രൂപയും വായ്പ ഇനത്തിൽ 3 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. 97-98, 98-99 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ ആവശ്യമായ ഫണ്ടില്ലാത്തതിനാൽ സംഘത്തിന് തുക നൽകാൻ കഴിഞ്ഞിട്ടില്ല.

(സി) ധനലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ കമ്മീഷൻ

175 (959) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് കൊടുക്കുന്ന കമ്മീഷൻ വർദ്ധിപ്പിച്ചു നൽകണം എന്ന് ആവശ്യപ്പെടുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ എത്ര ശതമാനമാണ് കമ്മീഷനായി നൽകുന്നത്;

(സി) എത്ര കളക്ഷൻ ഏജന്റുമാരാണ് സഹകരണ ബങ്കുകളിൽ ഉള്ളത്;

(ഡി) ഇതുവഴി സഹകരണ സംഘങ്ങൾക്ക് എന്തുമാത്രം തുകയാണ് ഒരു സാമ്പത്തികവർഷം ലഭിക്കുന്നത്;

(ഇ) ഇവരുടെ കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടുവരുന്നത് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly